**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1388** **30-06-2026-ൽ മറുപടിയ്ക്ക്**

**ബേപ്പൂരിലെ വെറ്ററിനറി ഹോസ്പിറ്റലിന്റെ ആധുനികവത്കരണം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. പി. എ. മുഹമ്മദ് റിയാസ്

ശ്രീമതി ബിന്ദു കൃഷ്ണ
(തൊഴിൽ, മൃഗസംരക്ഷണ - വനിതാ ശിശു വികസന വകുപ്പ് മന്ത്രി)

**(എ)** ബേപ്പൂരിലെ വെറ്ററിനറി ഹോസ്പിറ്റൽ ആധുനികവത്കരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

**മറുപടി: ബേപ്പൂരിലെ വെറ്ററിനറി ഹോസ്പിറ്റൽ ആധുനികവത്കരിക്കുന്നത് ഇപ്പോൾ പരിഗണനയിലില്ല.**

**(ബി)** പ്രസ്തുത ഹോസ്പിറ്റലിൽ നിലവിൽ ലഭ്യമാക്കുന്ന സേവനങ്ങൾ എന്തെല്ലാമാണ്;

**മറുപടി:**

ബേപ്പൂർ വെറ്ററിനറി ഹോസ്പിറ്റലിൽ നിലവിൽ ലഭ്യമാക്കുന്ന സേവനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:-

1. രോഗബാധിതരായ കന്നുകാലികൾ, മറ്റ് വളർത്തുമൃഗങ്ങൾ, പക്ഷികൾ എന്നിവയ്ക്ക് ആവശ്യമായ ചികിത്സാ സേവനങ്ങളും പ്രഥമ ശുശ്രൂഷയും ലഭ്യമാക്കൽ.

2. പശുക്കൾ, എരുമകൾ തുടങ്ങിയ കന്നുകാലികളിൽ പ്രജനന നിലവാരം മെച്ചപ്പെടുത്തുന്നതിനായി കൃത്രിമ ബീജസങ്കലന (Artificial Insemination) സൗകര്യം ഒരുക്കൽ.

3. കന്നുകാലികൾക്കും പക്ഷികൾക്കുമായി കൃത്യമായ ഇടവേളകളിൽ രോഗപ്രതിരോധ കുത്തിവെയ്പ്പുകൾ (വാക്സിനേഷൻ) നൽകുക.

4. മൃഗങ്ങൾക്കിടയിൽ പടർന്നുപിടിക്കുന്ന മാരകമായ പകർച്ചവ്യാധികളും മൃഗങ്ങളിൽ നിന്ന് മനുഷ്യരിലേക്ക് പകരുന്ന ജന്തുജന്യ രോഗങ്ങൾ (Zoonotic Diseases) തടയുന്നതിനും നിയന്ത്രിക്കുന്നതിനുമുള്ള അടിയന്തര നടപടികൾ സ്വീകരിക്കുക.

5. കന്നുകാലികളുടേയും പക്ഷികളുടേയും ഇൻഷുറൻസ് നടപടികൾ സുഗമമാക്കുന്നതിനായി ഇൻഷുറൻസ് സുരക്ഷ ഉറപ്പാക്കുകയും, ക്ലെയിമുകൾ തീർപ്പാക്കാൻ സഹായിക്കുകയും ചെയ്യുക.

6. ഇൻഷുറൻസിനാവശ്യമായ ആരോഗ്യ വില നിർണ്ണയ സർട്ടിഫിക്കറ്റ്, പെർമനന്റ് ഡിസെബിലിറ്റി (സ്ഥിരമായ വൈകല്യം) സർട്ടിഫിക്കറ്റ്, മരണ സർട്ടിഫിക്കറ്റ്, പ്രഥമ വിവര റിപ്പോർട്ട് എന്നിവ നൽകുക.

7. വാക്സിനേഷൻ സർട്ടിഫിക്കറ്റുകളും ഹെൽത്ത് സർട്ടിഫിക്കറ്റുകളും അനുവദിക്കുക.

8. മൃഗസംരക്ഷണ മേഖലയിലൂടെ സ്വയം തൊഴിൽ കണ്ടെത്താൻ ആഗ്രഹിക്കുന്നവർക്ക് ആവശ്യമായ സാങ്കേതിക ഉപദേശങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും ലഭ്യമാക്കുക.

9. ഉണഭോക്തൃ അടിസ്ഥാനത്തിൽ കർഷകരുടെ വിവിധ തരത്തിലുള്ള മൃഗസംരക്ഷണ പദ്ധതികൾ ആവിഷകരിക്കുകയും കൃത്യമായി നിർവ്വഹിക്കുകയും ചെയ്യുക.

10. മികച്ച കന്നുകാലികളെ വളർത്തിയെടക്കുന്നതിനായി കർഷകരെ സഹായിക്കുന്ന പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി നടപ്പിലാക്കുക.

11. സർക്കാർ ഫാമുകൾ (കന്നുകാലി, കോഴി ഫാമുകൾ) സന്ദർശിക്കുവാനോ, പുതിയ ഉരുക്കളെ വാങ്ങുന്നതിനോ താല്പര്യമുള്ള കർഷകർക്ക് ആവശ്യമായ ഔദ്യോഗിക സേവനങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും നൽകുക.

12. അതത് പരിധിയിലുള്ള പ്രദേശങ്ങളിലെ കർഷകർക്ക് സേവനം ലഭ്യമാക്കുന്ന പ്രാഥമിക വെറ്ററിനറി ആരോഗ്യ കേന്ദ്രമായി പ്രവർത്തിക്കുകയും, കൂടുതൽ സങ്കീർണ്ണമായ കേസുകൾ ഉയർന്ന വെറ്ററിനറി പോളിക്ലിനിക്കുകളിലോ (VPC) ജില്ലാ വെറ്ററിനറി കേന്ദ്രങ്ങളിലോ (DVC) റഫർ ചെയ്യുകയും ചെയ്യുക.

13. മൃഗങ്ങളുടെ ആരോഗ്യ സംരക്ഷണത്തിനായി പ്രാദേശിക തലങ്ങളിൽ കർഷകരുടെ മൃഗസംരക്ഷണ ഹെൽത്ത് ക്യാമ്പുകൾ സംഘടിപ്പിക്കുക.

14. മൃഗസംരക്ഷണ മേഖലയിലെ ആധുനിക രീതികളെയും ശാസ്ത്രീയ പരിചരണത്തേയും കുറിച്ച് കർഷകർക്കായി വിവിധ ബോധവൽക്കരണ ക്ലാസുകളും പരിശീലനങ്ങളും ഒരുക്കുക.

15. ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനും സുസ്ഥിരമായ രീതിയിൽ കന്നുകാലി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ സാങ്കേതിക നിർദ്ദേശങ്ങൾ നൽകുക.

16. മൃഗാശുപത്രികളുടെ പരിധിയിലുള്ള വെറ്ററിനറി ഉപകേന്ദ്രങ്ങളുടെ സാങ്കേതികവും ഭരണപരവുമായ മേൽനോട്ടം വഹിക്കുക.

17. പ്രകൃതി ദുരന്തങ്ങൾ ഉണ്ടാകുന്ന ഘട്ടങ്ങളിൽ മൃഗങ്ങളുടെ സംരക്ഷണവും അടിയന്തര രക്ഷാപ്രവർത്തനങ്ങളും ദുരന്ത നിവാരണ പ്രവർത്തനങ്ങളും ഏകോപിപ്പിക്കുക.

18. മൃഗസംരക്ഷണ മേഖലയിലെ വിവിധ കർഷക പരിശീലനങ്ങൾ സംഘടിപ്പിക്കുക.

**(സി)** ഹോസ്പിറ്റലിലെ അംഗീകൃത തസ്തികകളുടെ വിശദവിവരങ്ങളും നിലവിലെ ഒഴിവുകൾ സംബന്ധിച്ച വിവരങ്ങളും ലഭ്യമാക്കാമോ?

**<u>മറുപടി:</u>** ബേപ്പൂർ വെറ്ററിനറി ഹോസ്പിറ്റലിലെ അംഗീകൃത തസ്തികകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:-

1. സീനിയർ വെറ്ററിനറി സർജൻ - 1

2. ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ - 1

3. അറ്റന്റന്റ് - 1

4. പാർട്ട് ടൈം സ്വീപ്പർ - 1

ബേപ്പൂർ വെറ്ററിനറി ആശുപത്രിയിൽ ഒഴിവുകളൊന്നും തന്നെ നിലവിൽ റിപ്പോർട്ട് ചെയ്തിട്ടില്ല.

**സെക്ഷൻ ഓഫീസർ**